**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 30** **05-12-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) | ഇല്ല. 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് (KCZMA) ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ 2019 പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഒരു വിദഗ്ധ സമിതി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ വിശദമായി പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം - പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും. ലഭ്യമായ ഇളവുകൾ ഡ്രാഫ്റ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS)- ൽ നിന്ന് ലഭിച്ചാൽ ടി |

| | | | |
|---|---|---|---|
| | | | പ്ലാനിന്മേൽ 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കും. ടി അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി കേരള സർക്കാരിന്റെ ശുപാർശയോടുകൂടി കരട് പ്ലാൻ 2023 ഏപ്രിൽ മാസത്തോടു കൂടി നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ